# മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

## വാർഷിക പ്രവർത്തന റിപ്പോർട്ട് 2024-25

മണ്ണ് പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് അമൂല്യ പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും, മണ്ണിന്റെ ഘടന, രാസ ഭൌതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ തുടങ്ങിയവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുകകയും ചെയ്യുന്നു. നീർത്തടാടിസ്ഥാനത്തിൽ ഉള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യപരിപാലനത്തിനും ഭൂവിഭവ സമാഹരണത്തിനും ഊന്നൽ നല്കിയാണ് വകുപ്പ് പ്രവർത്തിക്കുന്നത്. മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേക്ഷണ വിഭാഗവും (സോയിൽ സർവ്വേ) മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് സംരക്ഷണ വിഭാഗവും (സോയിൽ കൺസർവേഷൻ) പ്രവർത്തിക്കുന്നു. വകുപ്പിന്റെ 2024-25 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ 3921.0 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. ഇതിൽ 2446.51 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ CSS RKVY NMSA യുടെ ഭാഗമായി PFMS വഴി ലഭിച്ച 26.50500 ലക്ഷം രൂപയിൽ മുഴുവൻ തുകയും SPARSH വഴി ലഭിച്ച 41.415 ലക്ഷം രൂപയിൽ 26.83093 ലക്ഷം രൂപയും NMSA സോയിൽ ഹെൽത്ത് കാർഡ് വിതരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

## I. മണ്ണ് പര്യവേക്ഷണ പദ്ധതികൾ

2024-25 സാമ്പത്തിക വർഷത്തിൽ മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങൾക്കായി 2402-00-101 മുഖ്യശീർഷകത്തിൽ പദ്ധതിയിനത്തിൽ 352.0 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതിയിനത്തിൽ 206.7035 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ CSS RKVY NMSA യുടെ ഭാഗമായി PFMS വഴി ലഭിച്ച 26.50570 ലക്ഷം രൂപയിൽ മുഴുവൻ തുകയും SPARSH വഴി ലഭിച്ച 67.92070 ലക്ഷം രൂപയിൽ 53.33663 ലക്ഷം രൂപയും NMSA സോയിൽ ഹെൽത്ത് കാർഡ് വിതരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

**എ. സംസ്ഥാനതല പദ്ധതികൾ**

### 1. മണ്ണ് പരിശോധനാശാലകൾ (ലബോറട്ടറീസ്)

**ശീർഷകം : 2402-00-101-90 പദ്ധതി**

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 30000 മണ്ണ് സാമ്പിളുകളുടെ പരിശോധനകളാണ് ഈ

സാമ്പത്തികവർഷം ലക്ഷ്യമിട്ടിരുന്നത്. മണ്ണിന്റെ രാസ പരിശോധന മണ്ണ് പര്യവേക്ഷണത്തിന്റെ അവശ്യഘടകമാണ്. 2024-25 വർ ഷത്തിൽ 46857 മണ്ണ് സാമ്പിളുകളുടെ രാസപരിശോധനകൾ നടത്തി. സംസ്ഥാനത്ത് മണ്ണ് പര്യവേക്ഷണ വകുപ്പിന് കീഴിൽ 5 സ്റ്റാറ്റിക് ലാബുകളും 2 സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ഒരു മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ച് വരുന്നു. ഗവേഷണ വിദ്യാർത്ഥികൾക്കും മറ്റും മണ്ണ് പരിശോധിച്ച് നൽകുന്നതിലൂടെ 5,51,662/- രൂപയുടെ നികുതിയിതര വരുമാനം ലഭിച്ചിട്ടുണ്ട്.

വകുപ്പ് വികസിപ്പിച്ച 'മണ്ണിനെ അറിയാം മൊബൈലിലൂടെ' (MAM) എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിലെ മണ്ണിന്റെ ഫലപുഷ്ടിയെക്കുറിച്ചുള്ള വിശദവിവരങ്ങളും അവിടെ കൃഷി ചെയ്യുന്ന വിളകൾക്ക് ആവശ്യമായ കൃത്യമായ വളപ്രയോഗ ശുപാർശകളും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നു. പോഷക മൂലകങ്ങളുടെ പുതുക്കിയ ഡാറ്റാബേസ് ഉൾപ്പെടുത്തി MAM ആപ്ലിക്കേഷൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. ഡേറ്റാബേസ് പുതുക്കുന്നതിന്റെ ഭാഗമായി, 2024-25 വർ ഷത്തിൽ , മണ്ണ് പരിശോധനക്കായി 25545 മണ്ണ് സാമ്പിളുകൾ ശേഖരിച്ചു. മണ്ണ് പരിശോധന പുരോഗമിച്ച് വരുന്നു.

വിവിധ സോയിൽ ഹെൽത്ത് കാർഡ് പദ്ധതികളിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർ ഷത്തിൽ 30336 സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു. കഴിഞ്ഞ വർഷം വകുപ്പിന്റെ കീഴിലെ 7 സ്റ്റാറ്റിക് ലബോറട്ടറികൾക്കും NABL അംഗീകാരം ലഭിക്കുകയുണ്ടായി.

**<u>മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്</u>**

വിദൂര പ്രദേശങ്ങളിലെ കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിലെ മണ്ണ് പരിശോധനാ ഫലം ഉടനടി ലഭ്യമാക്കുന്നതിന് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം വകുപ്പ് 2017 ജനുവരി മാസം മുതൽ സജ്ജമാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 26 സോയിൽ ടെസ്റ്റിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും 712 മണ്ണ് സാമ്പിളുകൾ മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് കർഷകർക്ക് വളപ്രയോഗ ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയിൽ 100 ലക്ഷം രൂപ സോയിൽ ഡിജിറ്റൽ പോർട്ടലിന്റെ വികസനത്തിനും കൃഷിവകുപ്പുമായി ചേർന്ന് സംസ്ഥാനത്തുടനീളം സോയിൽ ടെസ്റ്റിംഗ് കാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനുമാണ് അനുവദിച്ചിട്ടുള്ളത്. ബ്ലോക്ക്തലത്തിലുള്ള സോയിൽ ടെസ്റ്റിംഗ് കാമ്പയിനുകൾ 2 വീതം 14 ജില്ലകളിലുമായി 2024-25 സാമ്പത്തിക വർഷത്തിൽ ആകെ 28 സോയിൽ ടെസ്റ്റിംഗ് കാമ്പയിനുകൾ നടത്തുകയുണ്ടായി. മണ്ണിന്റെ ആരോഗ്യ പരിപാലനം, മാം ആപ്പ് സംബന്ധിച്ച 234 ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

ഈ സാമ്പത്തിക വർഷത്തിൽ 2402-00-101-90 പദ്ധതി ശീർഷകത്തിൽ അനുവദിച്ച 220.0 ലക്ഷം രൂപയിൽ 137.92 ലക്ഷം രൂപ ചെലവഴിച്ചു. സോയിൽ ഡിജിറ്റൽ പോർട്ടലിന്റെ വികസനം പുരോഗമിച്ചു വരുന്നു

2. <u>മണ്ണ് പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം</u>

**ശീർഷകം : 2402-00-101-89 പദ്ധതി**

മണ്ണ് പര്യവേക്ഷണ വിഭാഗത്തിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് ആധുനിക രീതികൾ പ്രാവർത്തികമാക്കുവാൻ (ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉൾപ്പെടെ) ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളിലും മറ്റ് ഗവേഷണ സ്ഥാപനങ്ങളിലും പരിശീലനം നല്കുന്നതിനാണ് ഈ പദ്ധതി. കൂടാതെ, ഒരു ഉദ്യോഗസ്ഥനെ സോയിൽ സയൻസിൽ ഉപരിപഠനത്തിന് നിയോഗിക്കുവാനും ലക്ഷ്യമിട്ടിരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 90 ഉദ്യോഗസ്ഥരെ വിവിധ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ പരിശീലനത്തിനായി നിയോഗിച്ചു. ഇതുകൂടാതെ സെമിനാറുകൾ, ശില്പശാലകൾ എന്നിവയിൽ പങ്കെടുക്കുകയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ സോയിൽ സർവ്വേ പഠനങ്ങൾക്ക് അനുയോജ്യമായ വിവിധ ഹ്രസ്വകാല പരിശീലന പരിപാടികൾക്ക നിയോഗിക്കുകയുണ്ടായി.

2402-00-101-89 പദ്ധതി ശീർഷകത്തിൽ ബജറ്റ് വിഹിതമായ 12.0 ലക്ഷം രൂപ 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 7.53428 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരുന്നു. 2024-25ൽ ഈ തുക (7.53428 ലക്ഷം രൂപ) മുഴുവൻ ചെലവഴിച്ചു.

3. <u>**സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ**</u>

**ശീർഷകം : 2402-00-101-86 പദ്ധതി**

വിവിധ ഭൂവിഭവ വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ മണ്ണ് പര്യവേക്ഷണ റിപ്പോർട്ടുകളും ബുള്ളറ്റിനുകളും പ്രസിദ്ധീകരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ജില്ലാതല ആസൂത്രണത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ നല്കുന്ന മണ്ണ് പര്യവേക്ഷണം, പഞ്ചായത്തുകളിലെ വിശദ മണ്ണ് പര്യവേക്ഷണം, മുൻകാലങ്ങളിൽ വിശദ മണ്ണ് പര്യവേക്ഷണം നടത്തിയ സ്ഥലങ്ങളിൽ അതിന് ശേഷം മണ്ണിന് സംഭവിച്ച രാസ ഭൗതിക മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള മണ്ണ് പര്യവേക്ഷണ പുനർനിർണ്ണയം എന്നീ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 36497 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണ് പര്യവേക്ഷണവും 35111 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണ് പര്യവേക്ഷണ പുനർനിർണ്ണയവും നടത്തുകയും, 27 മണ്ണ് പര്യവേക്ഷണ റിപ്പോർട്ടുകളും ബന്ധപ്പെട്ട ഭൂപടങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ

പഞ്ചായത്ത് തലത്തിൽ നടത്തി വരുന്ന മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങളിലൂടെ ലഭിച്ച ഭൂവിഭവ വിവരശേഖരം ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 230 പഞ്ചായത്തുകളുടെ മണ്ണ് ഭൂപടങ്ങളുടെ ഡിജിറ്റൈസേഷൻ 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ആധുനിക വിവരസാങ്കേതിക വിദ്യയുടെയും അനുബന്ധ മേഖലകളുടെയും സാധ്യതകൾ സംസ്ഥാനത്തിന്റെ കാർഷിക വികസനത്തിന് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പാസ്ഥാനത്ത് ഒരു ജിയോമാറ്റിക്സ് ലാബ് പ്രവർത്തിക്കുന്നുണ്ട്. ഭൂപടങ്ങളും മറ്റ് അനുബന്ധ വിവരങ്ങളും ലഭ്യമാക്കുന്നതിലൂടെ 82217/- രൂപയുടെ നികുതിയിതര വരുമാനം 2024-25 സാമ്പത്തിക വർഷത്തിൽ ലഭിച്ചു.

2024-25 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്പെഷ്യൽ പ്രൊജെക്ടുകൾ നടപ്പിലാക്കിയിരുന്നു.

| ജില്ല | സ്പെഷ്യൽ പ്രൊജക്റ്റ് |
|---|---|
| കൊല്ലം | എസ്റ്റിമേഷൻ ഓഫ് സോയിൽ ലോസ് അണ്ടർ ഡിഫറൻറ് സ്ലോപ്പ്, സോയിൽ, ലാൻഡ് യൂസ് ആൻഡ് ഫിസിയോഗ്രാഫിക് കണ്ടീഷൻ ഇൻ അഞ്ചൽ ബ്ലോക്ക് ഓഫ് കൊല്ലം ഡിസ്ട്രിക്ട് {കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്കിലുള്ള വ്യത്യസ്തങ്ങളായ ചരിവും മൺ തരവും ഭൂവിനിയോഗവും ഭൂപ്രകൃതിയും ഉള്ള പ്രദേശങ്ങളിൽ നടത്തിയ മണ്ണൊലിപ്പ് നിർണ്ണയ പഠനം} |
| ആലപ്പുഴ | ഇമ്പ്രൂവിംങ് പ്രൊഡക്റ്റിവിറ്റി ഓഫ് കോക്കനട്ട് ത്രൂ സോയിൽ ഹെല്ത്ത് എൻഹാൻസ്മെന്റ് ഇൻ സതേൺ കോസ്റ്റൽ പ്ലെയിൻസ് ഓഫ് ആലപ്പുഴ ഡിസ്ട്രിക്റ്റ് (രണ്ടാം വർഷം) {ആലപ്പുഴ ജില്ലയിലെ ദക്ഷിണ തീരദേശ സമതലങ്ങളിൽ മണ്ണാരോഗ്യ വർദ്ധനവിലൂടെ നാളികേരത്തിന്റെ ഉത്പാദനക്ഷമത വർധിപ്പിക്കൽ} |
| പാലക്കാട് | യീൽഡ് എന്ഹാന്സ്മെന്റ് ഓഫ് കോക്കനട്ട് ആന്റ് അരക്കനട്ട് ത്രൂ ബാലൻസ്ഡ് ന്യൂട്രിയന്റ് ആപ്ലിക്കേഷൻ ഇൻ 1 ഹെക്ടർ ഈച്ച് ഇൻ കരിമ്പ പഞ്ചായത്ത് (രണ്ടാം വർഷം) {കരിമ്പ പഞ്ചായത്തിലെ 1 ഹെക്ടർ പ്രദേശത്ത് സമീകൃത പോഷക പ്രയോഗത്തിലൂടെ നാളികേരത്തിന്റെയും കവുങ്ങിൻറെയും വിളവ് വർധിപ്പിക്കുന്ന പഠനം} |
| വയനാട് | ഇന്റെൻസീവ് സർവ്വേ ഓഫ് ട്രൈബൽ ഫാം അണ്ടർ ചീങ്ങേരി എക്സ്റ്റെൻഷൻ സ്കീം അണ്ടർ ഡിപ്പാർട്മെന്റ് ഓഫ് അഗ്രിക്കൾ ച്ചർ {ചീങ്ങേരി എക്സ്റ്റെൻഷൻ സ്കീമിന്റെ കീഴിലുള്ള ട്രൈബൽ ഫാമിന്റെ തീവ്ര മണ്ണ് പര്യവേക്ഷണം} |
| കണ്ണൂർ | അസ്സെസ്സ്മെന്റ് ഓഫ് എക്സ്റ്റെന്റ് ഓഫ് സോയിൽ ആന്റ് വാട്ടർ പൊല്യൂഷൻ എലോങ് ദി മെയിൻ കോഴ്സ് ഓഫ് വളപ്പട്ടണം റിവർ ഇൻ കണ്ണൂർ ഡിസ്ട്രിക്റ്റ് {കണ്ണൂർ ജില്ലയിലെ വളപ്പട്ടണം പുഴയിലെ മണ്ണ് ജല മലിനീകരണത്തിന്റെ വ്യാപ്തിയും തോതും നിർണ്ണയിക്കുന്ന പഠനം} |
| കാസർഗോഡ് | ഇന്റഗ്രേറ്റഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് അസിസ്റ്റന്സ് (ബോറോൺ) ആന്റ് കപാസിറ്റി ബിൽഡിംങ് ഫോർ കേരസമിതീസ് ഓഫ് |

| | |
|---|---|
| | കാസർഗോഡ് ബ്ലോക്ക് {കാസർഗോഡ് ബ്ലോക്കിലെ കേരസമിതികൾക്ക് സംയോജിത പോഷക മാനേജ്മെൻ്റ് (ബോറോൺ) സഹായവും പരിശീലനവും നൽകൽ} |

ഇൻഫിൽട്രേഷൻ പഠനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിലായി 325 മണ്ണ് ശ്രേണികളുടെ പഠനം പൂർത്തീകരിച്ചു; റിപോർട്ടുകൾ തയാറാക്കി വരുന്നു.

അഗ്രോ ഇക്കോളജിക് യൂണിറ്റുകളിലെ ബെഞ്ച്മാർക് സൈറ്റുകളിൽ മണ്ണിനങ്ങളുടെ സവിശേഷതകൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി വിവിധ മണ്ണ് ശ്രേണികളുടെ പ്രീ മൺസൂൺ പഠനവും പോസ്റ്റ് മൺസൂൺ പഠനവും പൂർത്തിയാക്കി. ആയതിന്റെ റിപോർട്ടുകൾ തയാറാക്കി വരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിലായി താഴെ പറയുന്ന ഓപ്ഷണൽ പ്രൊജെക്ടുകൾ നടപ്പിലാക്കിയിരുന്നു.

| ജില്ല | ഓപ്ഷണൽ പ്രൊജക്റ്റ് |
|---|---|
| തിരുവനന്തപുരം | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് - 50 സെന്റ് നേന്ത്രൻ പ്ലോട്ട് - കരകുളം പഞ്ചായത്ത് |
| പത്തനംതിട്ട | മോണിറ്ററിംങ് ഓഫ് സോയിൽ ക്വാളിറ്റീസ് ഓഫ് ബെഞ്ച് മാർക്ക് സൈറ്റ്സ് ഇൻ അഗ്രോ എക്കളോജിക്കൽ യൂണിറ്റ്സ്- സീതത്തോട്, ചിറ്റാർ |
| കോട്ടയം | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് - 40 സെന്റ് നേന്ത്രൻ പ്ലോട്ട് - കാണാക്കരി പഞ്ചായത്ത് |
| ഇടുക്കി | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് – ബനാന - കരിംകുന്നം പഞ്ചായത്ത് - 14സെന്റ് |
| എറണാകുളം | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് – വെണ്ടയ്ക്ക - പള്ളിപ്പുറം പഞ്ചായത്ത് |
| തൃശ്ശൂര് | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് – കുംഭവാഴ - എരുമപ്പെട്ടി പഞ്ചായത്ത് |
| പാലക്കാട് | MAM ഡെമോ പ്ലോട്ട് – നെല്ല് – 1 acre; പച്ചക്കറി - 30 cent - തൃത്താല ബ്ലോക്ക് |
| മലപ്പുറം | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് - നെല്ല് - ആലിപ്പറമ്പ പഞ്ചായത്ത് |
| കോഴിക്കോട് | സോയിൽ ഹെൽത്ത് കാർഡ് ഡെമോ പ്ലോട്ട് – നെല്ല് - ഉള്ളിയേരി പഞ്ചായത്ത് |
| വയനാട് | സോയിൽ ടെസ്റ്റ് ബേസ്ഡ് ന്യൂട്രിയന്റ് മാനേജ്മെൻറ് ഇൻ ബാവാലി പാടശേഖരം ഇൻ തിരുനെല്ലി പഞ്ചായത്ത് |
| കണ്ണൂർ | പ്രൊഡക്ഷൻ എൻഹാൻസ്മെന്റ് ഓഫ് ടർമെറിക് യൂസിങ് സസ്റ്റെയിനബിൾ ടർമെറിക് ഇനിഷ്യേറ്റിവ് ഇൻ ചെങ്ങളായി പഞ്ചായത്ത് |

2402-00-101-86 പദ്ധതി ശീർഷകത്തിൽ ബജറ്റ് വിഹിതമായ 90.0 ലക്ഷം രൂപ 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 45.0 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരുന്നു. 2024-25ൽ ഈ പ്ലാനിൽ 45.51 ലക്ഷം രൂപ ചെലവഴിച്ചു.

4. <u>സംസ്ഥാന സോയിൽ മ്യൂസിയം</u>

**ശീർഷകം : 2402-00-101-83 പദ്ധതി**

കേരളത്തിലെ എല്ലാ മണ്ണിനങ്ങളേയും കുറിച്ചുള്ള സമഗ്രമായ വിവരം കർഷകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും ഭരണകർത്താക്കൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സോയിൽ മ്യൂസിയം തിരുവനന്തപുരം പാറോട്ടുകോണത്ത് 01.01.2014 മുതൽ പ്രവർത്തിച്ച് വരുന്നു.

2402-00-101-83 പദ്ധതി ശീർഷകത്തിൽ ബജറ്റ് വിഹിതമായ 20.0 ലക്ഷം രൂപ 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 8.53141 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരുന്നു. ഈ പദ്ധതി ശീർ ഷകത്തിൽ 8.47 ലക്ഷം രൂപ വിനിയോഗിച്ച് സോയിൽ മ്യൂസിയത്തിന്റെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനും മ്യൂസിയത്തിന്റെ ശാക്തീകരണത്തിനുമുള്ള നടപടികൾ സ്വീകരിച്ചു. പുതിയ പ്രദർശന വസ്തുക്കൾ സജ്ജമാക്കിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 4076 പേർ സോയിൽ മ്യൂസിയം സന്ദർശിച്ചിരുന്നു. പ്രവേശന ഫീസിനത്തിൽ 32320 രൂപയും സോയിൽ കിറ്റ് വിൽപ്പനയിലൂടെ 3900/- രൂപയും നികുതിയിതര വരുമാനം ലഭിച്ചിട്ടുണ്ട്. കൂടാതെ മണ്ണിന്റെ ആരോഗ്യം സംബന്ധിച്ച് 5 ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. 59 വിദ്യാർത്ഥികളും 201 കർഷകരും ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തു.

5. <u>ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ</u>

**ശീർഷകം : 2402-00-101-82 പദ്ധതി**

ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്കായി 10.0 ലക്ഷം രൂപ 2024-25ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 62 പഞ്ചായത്തുകളുടെ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി ശീർഷകത്തിൽ നിന്നും 7.27358 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>**പശ്ചിമഘട്ട വികസന പദ്ധതി**</u>

**ശീർഷകം : 2551-01-104-99 പദ്ധതി**

15.10.2019 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) 26/2019 പ്ലാനിംഗ് പ്രകാരം പശ്ചിമഘട്ട

സെല്ലിന്റെ പ്രവർത്തനം നിർത്തലാക്കുകയും 2014-15 കാലയളവിൽ ഭരണാനുമതി ലഭിച്ച 23 നീർത്തട പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. സെൽ കൈമാറിയ ഹാഡ (HADA) പദ്ധതി, പശ്ചിമഘട്ട വികസനപദ്ധതി എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവഹിച്ചു.

**<u>കൺസൾട്ടൻസി പ്രവർത്തനങ്ങൾ</u>**

- വാമനപുരം നിയോജക മണ്ഡലത്തിലെ 9 പഞ്ചായത്തുകളുടെ ഹൈഡ്രോളജിക്കൽ പ്രോപ്പർട്ടീസ് സംബന്ധിച്ച റിപ്പോർട്ട് MGNREGS-ന് നൽകി.
- പുനലൂർ പത്തനാപുരം നിയോജക മണ്ഡലങ്ങളിലുൾപ്പെട്ട പഞ്ചായത്തുകളുടെ സോയിൽ ഫെർട്ടിലിറ്റി മാപ് തയാറാക്കി അതത് പഞ്ചായത്തുകൾക്ക് നൽകി
- കിടങ്ങൂർ പഞ്ചായത്തിന്റെ മണ്ണ് ഭൂവിഭവ റിപ്പോർട്ടും ഫെർട്ടിലിറ്റി മാപ്പും പഞ്ചായത്തധികൃതർക്ക് കൈമാറി.
- SWAK പരിപാടിയുടെ ഭാഗമായി ആയിരത്തിൽപരം മൈക്രോവാട്ടർഷെഡുകളുടെ മാപ്പിന്റെ kml ഷേപ്പ്ഫയലുകൾ സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് (SWAK) കൈമാറി.
- സർക്കാരിന്റെ നാലാം നൂറുദിന പരിപാടിയുടെ ഭാഗമായി ഇരുപത്തി അയ്യായിരത്തിലധികം സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുകയും വെളിയന്നൂർ പഞ്ചായത്തിന്റെ നെറ്റ്സീറോ കാർബൺ പഠനത്തിന്റെ റിപ്പോർട്ട് പഞ്ചായത്തിന് കൈമാറുകയും ചെയ്തു.
- കാർബൺ സ്റ്റോക്ക് പഠനത്തിന്റെ ഭാഗമായി കരിമണ്ണൂർ സ്റ്റേറ്റ് സീഡ് ഫാർമിൽ നിന്നും ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാഫലങ്ങൾ ഫാം അധികൃതർക്ക് കൈമാറി.
- പാലക്കാട് ജില്ലയിലെ സുസ്ഥിരതൃത്താല പദ്ധതിയുമായി ബന്ധപെട്ടു സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും മൈക്രോവാട്ടർഷെഡുകളുടെ സോയിൽ ഫെർട്ടിലിറ്റി മാപ് പ്രസിദ്ധീകരിക്കുകയും 'തൃത്താല പൊലിമ' ഫെസ്റ്റിൽ പ്രദർശനശാല ഒരുക്കുകയും ചെയ്തു.
- NIT Calicut ആവശ്യപ്പെട്ട പ്രകാരം പെരിയാർ റിവർ ബേസിന്റെ ഷേപ്പ് ഫയലുകളും മണ്ണിന്റെ വിവരങ്ങളും കൈമാറി.
- പത്തനംതിട്ട ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന്കൊണ്ട് ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ചാക്കപ്പാലം, ഹിൽ ടോപ്പ് എന്നിവിടങ്ങളിൽ യാത്രാ സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും സംബന്ധിച്ചുള്ള ഫീൽഡ് വിസിറ്റ് നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- ജില്ലാ ഡെപ്യൂട്ടി കളക്ടറുടെ നിർദ്ദേശപ്രകാരം ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് വേണ്ടി

പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട്, ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിലെ തീവ്രമായ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളെപ്പറ്റി പഠിച്ച് ആ പ്രദേശങ്ങളിലെ മണ്ണിന്റെ സവിശേഷതകൾ, ഭൂഘടന, ഭൂവിനിയോഗം, നീർച്ചാലുകൾ തുടങ്ങിയ കാര്യങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ടും, ഭൂപടവും കൈമാറി.

- ഇടുക്കി ജില്ലയിലെ തങ്കമണി വില്ലേജിലെ മണ്ണ് ഇടിഞ്ഞു താഴ്ന്ന സ്ഥലം പരിശോധിച്ചു. ജില്ലാ കളക്ടർക്ക് മണ്ണിന്റെയും മറ്റ് ഘടകങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ താത്കാലിക റിപ്പോർട്ട് സമർപ്പിച്ചു.
- സർക്കാർ നിർദേശപ്രകാരം വട്ടവട മാതൃക ഗ്രാമം പദ്ധതിക്കായി തിരഞ്ഞെടുത്ത സ്ഥലം പരിശോധിച്ചു. മണ്ണിന്റെയും മറ്റ് ബന്ധപ്പെട്ട ഘടകങ്ങളുടെയും സവിശേഷതകൾ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു.
- പട്ടിക വർഗ വികസന വകുപ്പിന്റെ ലാൻഡ് ബാങ്കിലേക്ക് തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ കൃഷിയോഗ്യത പരിശോധിച്ചു. റിപ്പോർട്ട് സമഗ്ര പട്ടികവർഗ വികസനപദ്ധതി പ്രൊജക്റ്റ് ഓഫീസർക്ക് സമർപ്പിച്ചു.
- ടൌൺ പ്ലാനിംഗ്, ജില്ലാ പഞ്ചായത്ത്, നവകേരളമിഷൻ, ഹരിതകേരളം മിഷൻ തുടങ്ങി വിവിധ വകുപ്പുകളും ഏജൻസികളും ആവശ്യപ്പെട്ട പ്രകാരമുള്ള മണ്ണിന്റെ വിവരങ്ങളും മാപ്പുകളും ലഭ്യമാക്കി.
- ഇത് കൂടാതെ കൃഷി സംബന്ധമായ സർക്കാരിന്റെ വിവിധ ക്യാമ്പയിനുകളിലും പരിപാടികളിലും വകുപ്പ് പങ്കെടുത്തു.

**<u>ലോക മണ്ണ് ദിനാചരണം</u>**

ഡിസംബർ അഞ്ചാം തീയതി ലോക മണ്ണ് ദിനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും സമുചിതമായി ആചരിച്ചു. പ്രകൃതി വിഭവമായ മണ്ണിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മണ്ണ് സംരക്ഷണത്തിന്റെ ആവശ്യകതയെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ആവശ്യമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. ഈ വർഷത്തെ ലോക മണ്ണ് ദിനാചരണത്തിന്റെ പ്രമേയമായ 'മണ്ണും ജലവും - ജീവന്റെ ഉറവിടം' എന്ന വിഷയത്തെകുറിച്ച് കാമ്പെയിനുകൾ സംഘടിപ്പിച്ചു. സോയിൽ ഹെൽത്ത് കാർഡ് വിതരണം, എക്സിബിഷനുകൾ, കുട്ടികൾക്കായി വിവിധ മത്സരങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും ഇതൊടനുബന്ധിച്ച് വിവിധ ജില്ലകളിൽ നടത്തി.

സംസ്ഥാനതല ലോക മണ്ണ് ദിനാഘോഷം 2024 ഡിസംബർ 5-ന് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം അമ്പലവയൽ പൂപ്പൊലി മൈതാനത്ത് വച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെയും കാർഷിക ഗവേഷണകേന്ദ്രം, അമ്പലവയലിന്റെയും കാർഷികവികസന

കർഷകക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ വിവിധ പരിപാടികളോടെ വിപുലമായി ആഘോഷിച്ചു. ഇതിന് മുന്നോടിയായി നവംബർ 26, 28 തീയതികളിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുകയും പരിപാടിയുടെ ഭാഗമായി പൂപ്പൊലി മൈതാനം, പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, അമ്പലവയലിൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് 12 മണി വരെ മണ്ണ് ആരോഗ്യ ക്ലിനിക്ക് നടത്തുകയും കർഷകരുടെ സംശയങ്ങൾക്ക് പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം അമ്പലവയലിലെ വിദഗ്ദ്ധരായ ഡോ. ഗൗരിപ്രിയ (അസി. പ്രൊഫസർ, സോയിൽ സയൻസ്), ഡോ. രാജൻ വി.പി. (അസി. പ്രൊഫസർ, എന്റമോളജി), മിസ്സ് ജൂലി എലിസബത്ത് (അസി. പ്രൊഫസർ, പ്ലാന്റ് പാത്തോളജി), കൃഷി വിജ്ഞാനകേന്ദ്രത്തിലെ പ്രോഗ്രാം കോ-ഓഡിനേറ്റർ ഡോ. ദീപ സുരേന്ദ്രൻ, ശ്രീമതി അഷിതാ എം.ആർ. (അസി. പ്രൊഫസർ, ഹോർട്ടികൾച്ചർ), ഡോ. അരുൾ അരശൻ ജി.എസ്. (അസി. പ്രൊഫസർ, വിജ്ഞാന വ്യാപനം), ശ്രീ. രവി എം. (സീനിയർ കെമിസ്റ്റ്, ഹൈടെക് സോയിൽ അനലിറ്റിക്കൽ ലാബ്, വയനാട്), ശ്രീമതി താരാ മനോഹരൻ (ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, വയനാട്), ശ്രീമതി. അനുപമ കൃഷ്ണൻ (കൃഷി ഓഫീസർ, നെൻമേനി) എന്നിവർ മറുപടി നൽകുകയും ചെയ്തു. കൂടാതെ മൊബൈൽ സോയിൽ ടെസ്റ്റിംങ് ലാബിന്റെ സേവനത്തോടെ കർഷകർക്ക് സൗജന്യ മണ്ണ് പരിശോധന ക്യാമ്പ് നടത്തുകയും 54 മണ്ണ് ആരോഗ്യ കാർഡുകൾ വിതരണം നടത്തുകയും ചെയ്തു. പരിപാടിയുടെ ഭാഗമായി വിജ്ഞാനപ്രദമായ സ്റ്റാളുകൾ പ്രദർശിപ്പിച്ചു. ഇതിൽ വിവിധയിനം നെൽവിത്തുകൾ, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, വകുപ്പിന്റെ വിവിധങ്ങളായ പ്രവർത്തന മാതൃകകൾ, വ്യത്യസ്തതരത്തിലുള്ള മണ്ണിനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു. പരിപാടിയിൽ പങ്കെടുത്ത കർഷകർക്ക് 10 ഇനത്തിലുള്ള പച്ചക്കറി വിത്തുകൾ നൽകുകയും ചെയ്തു. കർഷകർക്കായി സംഘടിപ്പിച്ച കാർഷിക പ്രശ്നോത്തരി മത്സരത്തിൽ 22 കർഷകർ പങ്കെടുക്കുകയും അതിൽ വിജയികളായവർക്ക് സമ്മാനങ്ങളായി ഗുണമേന്മയുള്ള ഫലവൃക്ഷതൈകൾ നൽകുകയും ചെയ്തു. പരിപാടിയിൽ നൂറിലധികം കോളേജ് വിദ്യാർത്ഥികൾ പങ്ക് ചേരുകയും അതിൽ 16 കുട്ടികൾ പ്രസംഗമത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് നടന്ന സംസ്കാരിക പരിപാടിയിൽ 'ഉണർവ്' കൽപ്പറ്റയുടെ നാടൻ പാട്ട് അവതരണവും ഉണ്ടായിരുന്നു.

<u>**വിഷൻ ചേർത്തല 2026**</u>

ചേർത്തല മണ്ഡലത്തിലെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന വിഷൻ ചേർത്തല 2026-നോടനുബന്ധിച്ച് 2024 ജൂലൈയിൽ നടന്ന ചടങ്ങിൽ ചേർത്തല നിയോജകമണ്ഡലത്തിന്റെ പഞ്ചായത്ത് തല ഫലപുഷ്ടി ഭൂപടങ്ങങ്ങൾ ബഹു: കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് ബന്ധപെട്ട പഞ്ചായത്തധികൃതർക്ക് കൈമാറി.

## II. മണ്ണ് സംരക്ഷണ പദ്ധതികൾ

2024-25 സാമ്പത്തിക വർഷത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 3569 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2024-25 ൽ 2239.8 ലക്ഷം രൂപ വിനിയോഗിച്ചു.

### 1. നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണം (ആർ.ഐ.ഡി.എഫ്)

**ശീർഷകം : 2402-00-102-86 പ്ലാൻ**

വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നീർത്തടാടിസ്ഥാനത്തിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ XXIV മുതൽ XXIX വരെയുള്ള ഘട്ടങ്ങളിലെ പദ്ധതികളാണ് ഈ സാമ്പത്തികവർഷം നടപ്പിലാക്കിയത്.

2024-25 സാമ്പത്തിക വർഷം 2000.0 ലക്ഷം രൂപ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതിൽ 1302.10 ലക്ഷം രൂപ ചെലവഴിച്ച് 7679.85 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ സാധ്യമാക്കിയിട്ടുണ്ട്. RIDF 24 ഘട്ടത്തിലെ 5 പദ്ധതികളും പൂർത്തീകരിക്കുവാനും ഈ സാമ്പത്തിക വർഷം വകുപ്പിന് സാധിച്ചു. RIDF 25 ഘട്ടത്തിലെ 33 പദ്ധതികളിൽ 6 പദ്ധതികളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 27 പദ്ധതികളിലെ പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. ഈ സാമ്പത്തിക വർഷം RIDF 29 ഘട്ടത്തിൽ 15 കോടി രൂപ അടങ്കലിൽ അംഗീകാരം ലഭ്യമായ കണ്ണൂർ, എറണാകുളം, കൊല്ലം എന്നീ ജില്ലകളിലെ 3 മണ്ണ് ജല സംരക്ഷണ പദ്ധതികൾ പ്രവർത്തിപഥത്തിൽ എത്തിക്കുവാനും 1.86 കോടി രൂപ ചെലവഴിച്ച് 188 ഹെക്ടർ പ്രദേശം സംരക്ഷിക്കുവാനും സാധ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 7889 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

### 2. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം

**ശീർഷകം : 2402-00-102-88 പ്ലാൻ**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രിച്ച് പ്രസ്തുത ജല സംഭരണികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. 2024-25 സാമ്പത്തിക വർഷം 175 ഹെക്ടറിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി ബജറ്റിൽ അനുവദിച്ചിരുന്നത്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ പ്രയോറിട്ടയിസേഷൻ

പ്രകാരം പദ്ധതി വിഹിതം 33 ലക്ഷം ആയി നിജപ്പെടത്തിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 32.22 ലക്ഷം രൂപ ചെലവഴിച്ച് 104 ഹെക്ടർ വൃഷ്ടി പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ 72 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

<u>3. മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

**ശീർഷകം : 2402-00-102-87 പ്ലാൻ**

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുമുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക, അധികജലം സുരക്ഷിതമായി പുറത്തേക്കു ഒഴുക്കുന്നതിനുള്ള സംവിധാനം ഒരുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 വർഷം ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ സംരക്ഷണാർത്ഥം 350 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരിത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്ലാൻ പ്രയോറിട്ടയിസേഷൻ പ്രകാരം പദ്ധതി വിഹിതം 175 ലക്ഷം രൂപയായി നിജപ്പെടത്തിയിരുന്നു. ഈ പദ്ധതിയിൽ ഇടുക്കി, വയനാട്, കൊല്ലം, കോട്ടയം, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലായി 2024-25 സാമ്പത്തിക വർഷം 174.99 ലക്ഷം രൂപ ചെലവഴിച്ചു 565.12 ഹെക്ടർ പ്രദേശത്ത് ശാസ്ത്രീയമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ 1447 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമായിട്ടുണ്ട്.

4. <u>മണ്ണു സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പദ്ധതി</u>

**ശീർഷകം : 2402-00-102-85 പദ്ധതി**

മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും ത്രിതല പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും, മണ്ണു ജല സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവർക്കും ഈ വിഷയത്തിൽ വേണ്ടത്ര അറിവ് പകരുന്നതിനും മണ്ണു ജല സംരക്ഷണ മേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന നവീന മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നതിനും ബന്ധപ്പെട്ടവർക്ക് പകർന്നു നല്കുന്നതിനും മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിൻ കീഴിൽ ഒരു പരിശീലന കേന്ദ്രം, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡവലപ്പമെന്റ് ആന്റ് മാനേജ്മെന്റ് – കേരള (IWDM-K, Chadayamangalam) ചടയമംഗലത്ത് പ്രവർത്തിക്കുന്നുണ്ട്.

2024-25 സാമ്പത്തിക വർഷം വിവിധ പരിശീലന പരിപാടികൾക്കായി 25 ലക്ഷം രൂപയും ഈ പരിശീലന കേന്ദ്രത്തിനെ ദേശീയ നിലവാരത്തിലുള്ള സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന വികസനത്തിന് 75 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ 3484 പരിശീലനാർത്ഥികൾക്കായി 60 പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനും IISWC ഡെറാഡൂണിൽ മണ്ണ് സംരക്ഷണ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടിയിൽ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനും പരിശീലന കേന്ദ്രത്തിന്റെ ശാക്തീകരണ പ്രവർത്തനങ്ങൾക്കുമായി 47.26 ലക്ഷം രൂപ ചെലവഴിച്ചു.

ത്രിതല പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രധിനിധികൾ,വിവിധ ജില്ലകളിൽ നിന്നുള്ള കർഷകർ, വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, KCAET, CoA വെള്ളായണി, VHSE, സ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ വിദ്യാർഥികൾ, ഒഡീഷ്യ അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ ട്രയിനികൾ എന്നിവർക്കായി നീർത്തട വികസനവും പരിപാലനവും, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, പ്രകൃതിവിഭവ സംരക്ഷണം, തുടങ്ങിയ വിഷയങ്ങൾ, e -office, മലയാളം ടൈപ്പിങ്, ഓഫീസ് നടപടിക്രമങ്ങൾ, ആഡിറ്റ്, ബഡ്ജറ്റ് തയ്യാറാക്കൽ, ഭരണഭാഷാ, Arc GIS, Total station, എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം പരിപാടികൾ നടത്തിയിട്ടുള്ളത്. കൂടാതെ ബഹു. കേരള സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയോടനുബന്ധിച്ച് മൂന്നു സ്ഥലങ്ങളിൽ നീർത്തട വികസനവും പരിപാലനവും, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, പ്രകൃതിവിഭവ സംരക്ഷണം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് അവബോധം നല്കുകയുണ്ടായി. കൂടാതെ വിജയകരമായി പൂർത്തിയാക്കിയ വിവിധ നീർത്തട പദ്ധതികളെക്കുറിച്ച് പഠിക്കുന്നതിനും, പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച നൂതനമായ സാങ്കേതികവിദ്യകൾ മനസ്സിലാക്കുന്നതിനുമായി വകുപ്പിലെ ഉദ്യോഗസ്ഥർ ഒഡീഷ്യയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും, അവിടുത്തെ വിവിധ വകുപ്പുകൾ, ജനപ്രധിനിധികൾ, കർഷകർ എന്നിവരുമായി സംവദിക്കുകയും ചെയ്തു.

സ്റ്റേറ്റ് വെറ്റ് ലാൻഡ് അതോറിറ്റി കേരള (SWAK)ൽ നിന്നും ലഭ്യമായ 13.99 ലക്ഷം രൂപ വിനിയോഗിച്ച് പരിശീലന കേന്ദ്രത്തിലും മറ്റ് ജില്ലകളിലുമായി 37 ദിവസങ്ങളിലായി 25 പരിശീലനപരിപാടികൾ IWDMK യുടെ ആഭിമുഖ്യത്തിൽ നടത്തി. കൂടാതെ ലോക മണ്ണ് ദിനം, ലോക പരിസ്ഥിതി ദിനം എന്നിവയും വിവിധ ജനപ്രധിനിധികൾ, കർഷകർ, സ്കൂൾ-കോളേജ് തല വിദ്യാർഥികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി നടത്തുകയുണ്ടായി. ശാക്തീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പരിശീലന കേന്ദ്രത്തിന് ചുറ്റും കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും പുൽത്തകിടി, കുളം എന്നിവ നവീകരിക്കുകയും കൂടാതെ പരിശീലന കേന്ദ്രത്തിന്റെ വിവിധ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.

5. <u>മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പദ്ധതി</u>

**ശീർഷകം : 4402-00-101-96 പദ്ധതി**

ചടയമംഗലത്ത് സ്ഥിതി ചെയ്യുന്ന വകുപ്പിന്റെ പരിശീലന കേന്ദ്രത്തിലെ ഹോസ്റ്റൽ നിർമ്മാണത്തിനായി 4402-00-101-96 ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഹോസ്റ്റൽ നിർ മ്മാണത്തിനായി COSTFORD മായി മുൻ വർഷങ്ങളിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. സമയബന്ധിതമായി പ്രവർത്തനങ്ങൾ ആരംഭിക്കാത്തതു കാരണം ഹോസ്റ്റൽ നിർമ്മാണത്തിൽ നിന്നും COSTFORD നെ ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേൾഡ് ബാങ്ക് ധനസഹായത്തോടെയുള്ള KERA പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## 6. വിവര സാങ്കേതികവിദ്യയുടെ ഉപയോഗം

**ശീർഷകം : 2402-00-102-81 പ്ലാൻ**

വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിലും സബ് ഓഫീസുകളിലും e-office സമ്പ്രദായം നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിരന്തര വിലയിരുത്തൽ നടത്തുന്നതിനായി സ്ഥാപിക്കുന്ന മൂല്യനിർണ്ണയ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായും 2024-25 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നതിൽ 34.76 ലക്ഷം രൂപ ചെലവഴിച്ചു.

വിവിധ ഇ ഗവേർണൻസ് പ്രവർത്തനങ്ങൾക്കായും വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും e-office സമ്പ്രദായം നടപ്പിലാക്കുന്നതിനും ബയോ മെട്രിക് പഞ്ചിഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ഫയൽ ഡിജിറ്റയിസേഷനുമായി 28.76 ലക്ഷം രൂപ വിനിയോഗിച്ചു.

മണ്ണ് സംരക്ഷണ പദ്ധതികൾ വിലയിരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾചറൽ എൻജിനിയറിങ് ആന്റ് ഫുഡ് ടെക്നോളജി (KCAEFT, Tavanur) സമർപ്പിച്ചിരുന്ന 20 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അനുമതി ലഭ്യമായിരുന്നത് പ്രകാരം 2024-25 സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാലയുമായി MoA വയ്ക്കുകയും ഒന്നാം ഗഡുവായ 8 ലക്ഷം രൂപ KCAEFTയ്ക്ക് അനുവദിച്ചു നൽകുകയും ചെയ്തു. RIDF 21 ഘട്ടത്തിൽ ഉൾപ്പെടുത്തി വകുപ്പ് പൂർത്തീകരിച്ച പദ്ധതികളുടെയും പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പെരുമാട്ടി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ പഠനത്തിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു.

## 7. പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം

**ശീർഷകം : 2402-00-102-78 പദ്ധതി**

പരമ്പരാഗത ജലസ്ത്രോതസ്സുകളുടെയും നീരുറവകളുടെയും ജലനിർഗമന മാർഗ്ഗങ്ങളുടെയും നദികളുടെ കൈവഴികളുടെയും പോഷണവും പുനരുജ്ജീവനവും വഴി കാർഷിക മേഖല അഭിമുഖീകരിക്കുന്ന വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു.

2024-25 സാമ്പത്തിക വർഷം പരമ്പരാഗത ജലസ്ത്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും ഭൂഗർഭജലവിതാനതോത് ആശ്ചര്യകരമാംവിധം കുറഞ്ഞിരിക്കുന്ന (പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്ത്) പ്രദേശങ്ങളിലെ ഭൂഗർഭജലവിതാനം ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾക്കുമായി 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്ലാൻ പ്രയോരിട്ടയിസേഷൻ പ്രകാരം പദ്ധതി വിഹിതം 80 ലക്ഷം ആയി നിജപ്പെടത്തി 28.12.2024 ന കൃഷി (പി എ) വകുപ്പിൽ

നിന്നും G O (Rt) No. 1225/2024/AGRI നമ്പർ ഉത്തരവ് ലഭ്യമായിരുന്നു. 2023-24 വർഷത്തിൽ ട്രെഷറി ക്യൂ ഇനത്തിലുണ്ടായിരുന്ന തുക മാറി നല്കുന്നതിനും 58 ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാകുംവിധം വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ലഭ്യമായ 80 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു.

പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം പദ്ധതിയിലൂടെ ശുദ്ധജലക്ഷാമം, ഭൂഗർഭ ജലവിതാനത്തിൽ ഉണ്ടായിട്ടുള്ള ശോഷണം മുതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വർഷങ്ങളായി ശോച്യാവസ്ഥയിലായിരുന്ന കുളങ്ങൾ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തികവർഷം ആലപ്പുഴ ജില്ലയിലെ ചേർത്തല നിയോജക മണ്ഡലത്തിലെ പള്ളിക്കുളം, മുഹമ്മ ഗ്രാമപഞ്ചായത്തിലെ മുഹിയുദ്ദീൻ ജുമാ മസ്ജിദ് കുളം, കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ തൈശ്ശേരിൽ ശ്രീ ഭൂതകാല നാഗയക്ഷി ക്ഷേത്രക്കുളം എന്നീ കുളങ്ങളുടെ നവീകരണ പുനരുജ്ജീവന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 83.65 ലക്ഷം രൂപ ചെലവഴിച്ച് 2023-24 വർഷത്തിൽ പൂർത്തീകരിച്ചിരുന്ന ചേർത്തല കാർത്ത്യായനി ദേവീ ക്ഷേത്രത്തിലെ പള്ളിക്കുളത്തിന്റെ ഡോക്യുമെന്റേഷൻ ഇനത്തിൽ 9200/- രൂപയും പ്രസ്തുത കുളത്തിന് ചുറ്റും കൈവരി നിർമ്മിച്ച് ആകർഷകമാക്കുന്നതിനായി ഏറ്റെടുത്ത അഡീഷണൽ വർക്കിന് 4.13 ലക്ഷം രൂപയും ചെലവഴിച്ചു. മുഹമ്മ ഗ്രാമ പഞ്ചായത്തിലെ മുഹിയുദ്ദീൻ ജുമാ മസ്ജിദ് പള്ളിയുടെ കുളത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 27.48 ലക്ഷം രൂപയുടെ പ്രവൃത്തികളും കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ തൈശ്ശേരിൽ ശ്രീഭൂതകാല നാഗയക്ഷി ക്ഷേത്രക്കുളത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 4.94 ലക്ഷം രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കി. ചേർത്തല മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന കടമ്പനാട് ക്ഷേത്രകുളത്തിന്റെ പുനരുജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കരമനയാറിന്റെ കൈവഴികളുടെ പുനരുജീവന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പള്ളിച്ചൽതോട് നവീകരണ പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ 43.3 ഹെക്ടർ പ്രദേശത്ത് ഭൂഗർഭജലവിതാനം ഉയർത്തുവാനുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**8. സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം**

**ശീർഷകം : 2402-00-102-77 പ്ലാൻ**

നിയോജക മണ്ഡലാധിഷ്ഠിതമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന സൂക്ഷ്മ നീർത്തടവികസന പദ്ധതി നിലവിൽ പാലക്കാട് ജില്ലയിലെ തൃത്താല, കോഴിക്കോട് ജില്ലയിലെ കുറ്റിയാടി നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉണ്ടായ പ്രളയം/ഉരുൾപൊട്ടലുകൾക്ക് ശേഷം മണ്ണും മണ്ണിന്റെ ഈർപ്പവും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിലൂടെ ഉത്പാദന വർദ്ധനവും സുസ്ഥിരമായ കാർഷിക വികസനവും സാദ്ധ്യമാണ്.

2024-25 സാമ്പത്തിക വർഷം തൃത്താല, കുറ്റിയാടി നിയോജക മണ്ഡലങ്ങളിൽ സൂക്ഷ്മ

നീർത്തടാധിഷ്ഠിത വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 394 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്ലാൻ പ്രയോറിട്ടയിസേഷൻ പ്രകാരം പദ്ധതി വിഹിതം 142 ലക്ഷം ആയി നിജപ്പെടത്തിയിരുന്നു.

മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ട്രെഷറി ക്യൂവിലുള്ള ബില്ലുകൾ മാറി നല്കുന്നതിനും കുറ്റിയാടി, തൃത്താല നിയോജക മണ്ഡലങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും 142 ലക്ഷം രൂപ ചെലവഴിച്ചു. തൃത്താല നിയോജകമണ്ഡലത്തിൽ ഒന്നാം ഘട്ടത്തിൽ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കി വന്ന 8 നീർത്തടങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിച്ചു. ഈ പദ്ധതിയിലൂടെ 552 ഗുണഭോക്താക്കളുടെ 604.61 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

9. <u>നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി</u>

**ശീർഷകം : 2402-00-102-76 പ്ലാൻ**

നബാർഡിന്റെ അടിസ്ഥാന സൌകര്യ വികസന സഹായ പദ്ധതിയിൽ (NIDA) ഉൾപ്പെടുത്തി തളിപ്പറമ്പ് നിയോജക മണ്ഡലത്തിന്റെ സമഗ്ര വികസനത്തിനും മേഖല അഭിമുഖീകരിക്കുന്ന രൂക്ഷമായ ജലദൌർലഭ്യത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനുമായി 7 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായി വ്യാപിച്ചു കിടക്കുന്ന 5408.3 ഹെക്ടർ പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കി 9 നീർത്തട പദ്ധതികളിലായി 63.88 കോടി രൂപ അടങ്കൽ വരുന്ന ജലസമൃദ്ധി നിർവ്വഹണം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കനുവദിച്ച 400 ലക്ഷം രൂപയും അധിക ധനാനുമതി/ ധന പുനഃവിനിയോഗം വഴി ലഭ്യമായ 26.48 ലക്ഷം രൂപയും ചേർത്ത് 426.48 ലക്ഷം രൂപ വിനിയോഗിച്ച് 380 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പിന് സാധ്യമായിട്ടുണ്ട്. നിഡ പദ്ധതി നിർവഹണത്തിനായി നബാർഡ് നാളിതുവരെ റിലീസ് ചെയ്ത 8.27 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് 1630 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 1522 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമായിട്ടുണ്ട്.

<u>മറ്റ് പദ്ധതികൾ</u>

1. <u>റീബിൽഡ് കേരള പദ്ധതി</u>

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം എന്നീ 6 ജില്ലകളിലായി 22841 ഹെക്ടർ പ്രദേശത്തിന്റെ പാരിസ്ഥിതിക

പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 60.93 കോടി രൂപയ്ക്ക് അംഗീകാരം ലഭ്യമായിരുന്നതിൽ നാളിതുവരെയുള്ള വകുപ്പിന്റെ പ്രവർത്തന ഫലമായി 42.82 കോടി രൂപ ചെലവഴിച്ച് 15532 ഹെക്ടർ പ്രദേശം സംരക്ഷിക്കുന്നതിന് സാധ്യമായിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷം വകുപ്പിന് അനുവദിച്ച 150.209 ലക്ഷം രൂപ പൂർണമായി വിനിയോഗിച്ച് 165 ഗുണഭോക്താക്കളുടെ 3151 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. നാളിതുവരെ 65 പദ്ധതികളിൽ വിവിധ പാരിസ്ഥിതിക പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മന്ത്രിസഭയുടെ 4-ാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആർ.കെ.ഐ യിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ നാല് കുളങ്ങളുടെ ഉദ്ഘാടനം ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ.പി.പ്രസാദ് അവർകൾ നിർവ്വഹിച്ചു.

2. **ജില്ലാ പഞ്ചായത്ത് പദ്ധതി**

2024-25 സാമ്പത്തിക വർഷത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വകുപ്പ് മുഖേന 9.37 കോടി രൂപ ചെലവഴിച്ച് 130 ജില്ലാ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 3158 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമായിട്ടുണ്ട്.

കൊല്ലം ജില്ല :

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കുളങ്ങൾ ചിറകൾ എന്നിവയുടെ നവീകരണത്തിനായുള്ള സുജലം പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 337 ലക്ഷം രൂപ ചെലവഴിച്ച് അവശ്യ ജലസ്രോതസ്സുകളായിട്ടുള്ള 15 കുളങ്ങൾ/ ചിറകൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി. 2018 മുതൽ ആരംഭിച്ച സുജലം പദ്ധതിയിലൂടെ ജില്ലയിലെ വറ്റുന്ന ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രസ്തുത പ്രദേശങ്ങളിലെ ജലസേചനം കാര്യക്ഷമമാക്കുകയും കാർഷിക മേഖലയെ പിന്തുണക്കുകയും, ജല ദൌർലഭ്യം ഒരു പരിധി വരെ പരിഹരിക്കുന്നതിനും സാധ്യമാകുന്നു.

ജില്ലാ പഞ്ചായത്തിലെ സാമൂഹ്യമായി പിന്നോട്ട് നിൽക്കുന്ന S C വിഭാഗത്തിൽ പ്പെട്ട കുടുംബങ്ങൾ അധിവസിക്കുന്ന മേഖലയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഉന്നതി നവീകരണ പദ്ധതികൾ ചിറവരമ്പത്ത് എസ് സി കോളനി (ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത്), വാർഡ്-16 കല്ലുപുറം എസ് സി കോളനി (ചിറക്കര ഗ്രാമ പഞ്ചായത്ത്), അരീക്കൽ പട്ടിക ജാതി സങ്കേതം (ശൂരനാട് നോർത്ത് ഗ്രാമ പഞ്ചായത്ത്) എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിലൂടെ പ്രസ്തുത പ്രദേശങ്ങളിലെ ഭൂമി സംരക്ഷിക്കപ്പെടുന്നതിനും കൃഷി സഹായിക്കുന്നതിനും അത് വഴി ഉന്നതികളുടെ സാമൂഹിക നില മെച്ചപ്പെടുത്തുന്നതിനും കാരണമാകുന്നു.

പത്തനംതിട്ട ജില്ല :

പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ആഫീസ് മുഖേന നടപ്പിലാക്കുന്നതിനായി പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള പ്രത്യേക ഘടക പദ്ധതിയിൽ സ്പിൽ ഓവറിൽ ഉൾപ്പെടുത്തി 21 പദ്ധതികൾക്കും പുതിയ പദ്ധതികളായി 23 പദ്ധതികൾക്കും അനുമതി ലഭിച്ചിരുന്നു. പട്ടിക ജാതിക്കാരായ നാമമാത്ര ഭൂഉടമകളായ കുടുംബങ്ങളുടെ വീടിനും കൃഷി ഭൂമിയ്ക്കും സംരക്ഷണം നൽകുംവിധം പാർശ്വഭിത്തി നിർമ്മിച്ചു നൽകുകയാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. 2024 - 25 വർഷ കാലയളവിൽ ലഭ്യമായ 5.07 കോടി രൂപയിൽ 2.78 കോടി രൂപ ചെലവഴിച്ചു വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ശേഷിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

ആലപ്പുഴ ജില്ല :

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള മണ്ണ്- ജല സംരക്ഷണ പ്രവൃത്തികൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 203.70 ലക്ഷം രൂപ ചെലവഴിച്ചു. ജലാശയങ്ങളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനായി തോടുകളിലെ പായൽ നീക്കം ചെയ്യൽ, എക്കലും മാലിന്യവും നിറഞ്ഞ് നീരൊഴുക്ക് നിലച്ച തോടുകളുടെ ഡീ-സിൽറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം മുതലായ പ്രവൃത്തികളും, പാടശേഖരങ്ങളുടെ സംരക്ഷണാർത്ഥം പാർശ്വഭിത്തി നിർമ്മാണം, വിവിധ കുളങ്ങളുടെ പുനരുദ്ധാരണം മുതലായ പ്രവൃത്തികളാണ് പ്രധാനമായും 2024-25 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ളത്.

ആലപ്പുഴ ജില്ലയിലെ പ്രധാന ജലാശയങ്ങളായ വേമ്പനാട് കായലിനേയും, കൈതപ്പുഴ കായലിനെയും ബന്ധിപ്പിക്കുന്ന 2.65 കിലോമീറ്റർ ദൈർഘ്യമുള്ള ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പൂച്ചാക്കൽ ഡിവിഷനിലെ പാണാവള്ളി, അരൂക്കുറ്റി എന്നീ ഗ്രാമ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന മണിയമ്പള്ളി –പുതിയപാലം- കാട്ടുപുറം തോട് വിവിധ തരത്തിലുള്ള ഖര-ദ്രവ മാലിന്യങ്ങൾ കുമിഞ്ഞുകൂടി ഏറെ വർഷങ്ങളായി നീരൊഴുക്ക് നിലച്ച് ദുർഗ്ഗന്ധം വമിച്ച്, കൊതുകുകളുടേയും മറ്റ് രോഗവാഹകരായ ജീവികളുടേയും ആവാസകേന്ദ്രമായി മാറിയിരുന്നു. പൊതുജനാരോഗ്യത്തിന് ഹാനികരമാം വിധം നാശോന്മുഖമായ പ്രസ്തുത തോട് ഡീ സിൽറ്റ് ചെയ്ത് നീരൊഴുക്ക് പുന:സ്ഥാപിക്കുവാൻ സാധിച്ചത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനും, ആലപ്പുഴ ജില്ലാ പഞ്ചായത്തിനും ഏറെ അഭിമാനിക്കാവുന്ന ഒരു പ്രവർത്തിയാണ്.

എറണാകുളം ജില്ല :

ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 10.94 ലക്ഷം രൂപ ചെലവഴിച്ച് എറണാകുളം ജില്ലയിലെ കാലടി ഡിവിഷനിൽ ഉൾപ്പെടുന്നതും ആലുവ താലൂക്കിൽ അങ്കമാലി ബ്ലോക്കിൽ കാഞ്ഞൂർ ഗ്രാമപഞ്ചായാത്തിലെ 6,7 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ചിറങ്ങരചിറയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ചിറങ്ങരചിറയിലെ വെള്ളം 1200 കുടുംബങ്ങൾക്കും, പച്ചക്കറി കൃഷിക്കും, തെങ്ങ്, വാഴ, മറ്റ് കാർഷിക ആവശ്യങ്ങൾക്കും, ചിറയുടെ സമീപത്തുള്ള ഏകദേശം 150 ഏക്കറോളം വിസ്തൃതിയുള്ള മനയ്ക്കപാടം പാടശേഖരത്തിലെ കൃഷിക്കും ഉപയോഗപ്രദമായിട്ടുണ്ട്. 2024-25 വർഷത്തിൽ വിഭാവനം ചെയ്ത 30 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള നരിക്കുഴി ചിറ നവീകരണം 2025-

26 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കുന്നതാണ്.

കോഴിക്കോട് ജില്ല :

കോഴിക്കോട് ജില്ലയിൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ജലബജറ്റ് തയാറാക്കൽ, പച്ചത്തുരുത്ത് പദ്ധതി, ഗ്രീനിംഗ് കോഴിക്കോട്, കാലാവസ്ഥ വ്യതിയാനത്തെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം എന്നീ പദ്ധതികളിൽ വകുപ്പ് ഭാഗമായിട്ടുണ്ട്. ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും കണ്ടെത്തി ഓരോ സമയത്തും ജലമിച്ചമാണോ കമ്മിയാണോ എന്ന് ശാസ്ത്രീയമായി കണ്ടെത്തുന്ന പ്രവർത്തനമായ ജലബജറ്റ് പദ്ധതിയിൽ 2,45,937/- രൂപ ചിലവഴിച്ചിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നെങ്കിലും എന്ന നിലയിൽ അര സെന്റിൽ കുറയാത്ത ഭൂവിസ്തൃതിയുള്ള സ്കൂളുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ തൈകൾ വച്ചുപിടിപ്പിച്ച് ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തിൽ ശുചിത്വ പദ്ധതിയിൽ ഉൾപ്പെടുത്തി നവകേരളം മിഷൻ നടപ്പിലാക്കുന്ന പച്ചത്തുരുത്ത് പദ്ധതിയിൽ 95,888/- രൂപ ചെലവഴിച്ചു.

കുട്ടികളിൽ കൃഷിയിൽ താൽപ്പര്യം ജനിപ്പിക്കുന്നതിനായി സ്കൂളിന്റെ ചുറ്റുപാടുകളിൽ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ഫലവൃക്ഷത്തൈ നട്ട് പിടിപ്പിച്ച് സ്കൂളുകളിലെ പരസ്ഥിതി ക്ലബ്ബ് മുഖേന സംരക്ഷിച്ച് പരിപാലിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്ന ഗ്രീനിംഗ് കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ സ്കൂളുകളിൽ ഫലവൃക്ഷത്തൈ നട്ട് പിടിപ്പിച്ച് പരിപാലിക്കുന്നതിനായി 1,96,900/- രൂപ വിനിയോഗിച്ചു. കോഴിക്കോട് ജില്ലയുടെ കാലാവസ്ഥ വ്യതിയാനത്തെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം നടത്തുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി 13,01,540/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ല :

കാസർഗോഡ് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 വർഷത്തിൽ നടപ്പിലാക്കിയ കാപ്പുകുളം പുനരുദ്ധാരണം ഘട്ടം 1, കരിന്തളം കുളം പുനരുദ്ധാരണം, ഇരിയ പെരളം തോട് സംരക്ഷണം എന്നീ പദ്ധതികൾക്കായി 27.3038 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

കൂടാതെ കോട്ടയം ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി വാകത്താനം പഞ്ചായത്തിലെ വരമ്പിനകം പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണ പ്രവർത്തനത്തിന് 5 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭ്യമായെങ്കിലും ആയത് സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2024-25 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ സ്പിൽഓവർ പദ്ധതിയായി മാറ്റിയിട്ടുണ്ട്.

3. **ആർ കെ വി വൈ**

2024-25 സാമ്പത്തിക വർഷം തിരുവനന്തപുരം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ഭൂഗർഭ ജലവിതാന തോത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രകൃതി വിഭവ സംരക്ഷണ പദ്ധതികൾക്കായി കൃഷി (പി പി എം സെൽ) വകുപ്പിൽ നിന്നും 958 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ്

ലഭ്യമായിരുന്നു. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലായി 50.84 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നല്കി പ്രവർത്തികൾ ടെൻഡർ ചെയ്തിരുന്നുവെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.

4. **<u>ഇടുക്കി പാക്കേജ്</u>**

ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി വകുപ്പിന് രണ്ട് കോടി രൂപ വകയിരുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച വെള്ളിയാമറ്റം പഞ്ചായത്തിലെ വളതോട് പർശ്വഭിത്തി സംരക്ഷണ പദ്ധതി, ബൈസൺവാലി പഞ്ചായത്തിലെ ഉപ്പർതോട്, രാജാക്കാട് പഞ്ചായത്തിലെ വലിയകണ്ടം പാടശേഖരം എന്നീ വെള്ളപ്പൊക്ക നിവാരണ പദ്ധതികളും, മൂന്നാർ പഞ്ചായത്തിലെ ലൊക്കേഷൻ സ്പെസിഫിക് പദ്ധതി എന്നീ പദ്ധതികളിൽ മൂന്നാർ പഞ്ചായത്തിലെ ലൊക്കേഷൻ സ്പെസിഫിക് പ്രവർത്തികൾ ഒഴികെ മറ്റ 3 പ്രവർത്തികളും പൂർത്തീകരിച്ചു. പൂർത്തീകരിച്ച 3 പദ്ധതികളിലായി 2024-25 സാമ്പത്തിക വർഷം 137.5 ലക്ഷം രൂപ ചെലവഴിച്ചു 210 ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാകും വിധം വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

5. **<u>കാസർഗോഡ് ഡവലപ്മെന്റ് പാക്കേജ്</u>**

കാസർഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാറഡുക്ക ബ്ളോക്കിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ബെള്ളൂർ റിംഗ് ചെക്ക്ഡാം പദ്ധതിയിൽ ആകെ അംഗീകാരം ലഭിച്ച 31 റിംഗ്ചെക്ക്ഡാമുകളിൽ 2 എണ്ണം മുഴുവനായും 7 എണ്ണം ഭാഗികമായും പൂർത്തീകരിച്ചു. 7 എണ്ണത്തിൽ ചെയ്യുവാൻ ബാക്കിയുള്ള FRP ഷട്ടർ വർക്ക് 2025-26 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷം കാസർഗോഡ് ഡവലപ്മെന്റ് പാക്കേജിൽ 18.44014 ലക്ഷം രൂപ ചെലവഴിച്ചു. 45 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായുണ്ട്.

6. <u>SWAK</u>

കേരളത്തിലെ റാംസർ സൈറ്റായി പ്രഖ്യാപിച്ചിട്ടുള്ള ശാസ്താംകോട്ട ശുദ്ധജല തടാകം, അഷ്ടമുടി അഴിമുഖം, വേമ്പനാട് കോൾ എന്നിവയുടെ സംരക്ഷണത്തിനായി 8 ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന 10 നദീതടങ്ങളിൽ ആദ്യ ഘട്ടത്തിൽ ശാസ്ത്രീയമായ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 67 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. Catchment Conservation Committee (CCC) രൂപീകരണം, ബോധവത്കരണ പരിപാടികൾ, മുൻഗണനാടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത നീർത്തടങ്ങളിലെ മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2024-25 സാമ്പത്തിക വർഷം 56.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. Vegetative Measures നടപ്പിലാക്കുന്നതിനായി 27.25 ലക്ഷം രൂപയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്.

7. <u>ട്രൈബൽ പദ്ധതി</u>

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ മണ്ണാത്തിക്കുണ്ട് SC ഉന്നതിയിൽ SCP പൂൾഡ് ഫണ്ട് വിനിയോഗിച്ച് 2023 ൽ ആരംഭിച്ച പരിസ്ഥിതി പുനസ്ഥാപന പദ്ധതി 41.95 ലക്ഷം രൂപ ചെലവഴിച്ച് 2024-25 സാമ്പത്തിക വർഷം പൂർത്തീകരിച്ചു. 80% SC ഡിപാർട്ട്മെൻറ് ഫണ്ടും 20% ജില്ലാ പഞ്ചായത്ത് ഫണ്ടും വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിലൂടെ മണ്ണാത്തിക്കുണ്ട് S C ഉന്നതിയിലെ 20 കുടുംബങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയും പരിസ്ഥിതി പുനസ്ഥാപനവും സാധ്യമായിട്ടുണ്ട്. കോട്ടയം ജില്ലയിലെ കോരുതോട് ഗ്രാമപഞ്ചായത്തിലെ മടുക്ക ചകിരിമേട് ടി.ആർ.ഡി.എം. നഗറിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 13.02 ലക്ഷം രൂപയുടെ അനുമതി 2024-25 വർഷം അവസാനത്തോടെ ലഭ്യമായിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ 2025-26 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

8. <u>KVK വയനാട്- National Innovations on Climate Resilient Agriculture (NICRA) പദ്ധതി</u>

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന കാലാവസ്ഥാ ദുർബല മേഖലകളിൽ 2020-21 മുതൽ നടപ്പിലാക്കുന്ന ICAR പദ്ധതിയായ National Innovations on Climate Resilient Agriculture (NICRA) പദ്ധതിയുടെ ഘടകമായ Technology demonstration ൽ ഇന്ത്യയിൽ നിന്നും തെരെഞ്ഞെടുത്ത 100 ജില്ലകളിൽ കേരളത്തിൽ നിന്നും വയനാട് ഉൾപ്പെടെ 7 ജില്ലകൾ ഉൾപ്പെട്ടിരിക്കുന്നു. വരൾച്ച ബാധിത പ്രദേശമായ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ മുള്ളൻകൊല്ലി പഞ്ചായത്തിലെ പാണ്ടിച്ചിറ വില്ലേജിലെ കൊളവള്ളി പ്രദേശത്ത് പന്ത്രണ്ടോളം കർഷകരുടെ ഭൂമിയിൽ NICRA പദ്ധതിയുടെ 2024-25 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി വകുപ്പ് മുഖേന 74,619/- രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

കൂടാതെ വിവിധ ജില്ലകളിൽ ഉരുൾപ്പൊട്ടൽ ബാധിത/ സാധ്യതാ പ്രദേശങ്ങളിൽ ജിയോളജി വകുപ്പുമായി ചേർന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി ദുരന്ത നിവാരണം സംബന്ധിച്ച ശാസ്ത്രീയമായ മാർഗ്ഗനിർദേശങ്ങൾ നല്കി വരുന്നു.

| 2024-25 സാമ്പത്തിക വർഷത്തെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പദ്ധതി പുരോഗതി | | | | | | |
|---|---|---|---|---|---|---|
| ക്രമ ന മ്പർ | പദ്ധതിയുടെ പേ രും ശീർഷകവും | ബജറ്റ് വി ഹിതം (ല ക്ഷം രൂപ ) | 2024-25 ൽ ചെല വഴിച്ച തുക (ലക്ഷം രൂ പ) | 2024-2025 ലെ ഭൗതിക ലക്ഷ്യം | 2024-2025 ലെ ഭൗതിക പുരോ ഗതി | റിമാർക്സ് |
| 1 | മണ്ണ് പര്യവേക്ഷ ണ ഉദ്യോഗസ്ഥർ ക്ക് പരിശീലനം (2 402-00-101-89 പദ്ധതി) | 12 | 7.53428 | 50 ഉദ്യോഗസ്ഥർ ക്ക് പരിശീലനം | 90 ഉദ്യോഗസ്ഥർ | 2024-25ലെ പ്ലാ ൻ പ്രയോറിറ്റിസ േഷൻ പ്രകാരം 7.53428 ലക്ഷം രൂപയായി പദ്ധ തി വിഹിതം പരി മിതപ്പെടുത്തിയി രുന്നു |
| 2 | ലബോറട്ടറീസ് 2 402-00-101-90 (പദ്ധതി) | 220 | 137.92006 | 30000 മണ്ണ സാമ്പിളുകൾ | 46857 മണ്ണ സാമ്പിളുകളുടെ പ്രാഥമ ിക ദ്വിതീയ സൂ ക്ഷ്മ മൂലകങ്ങളുടെ പരിശോധന പൂർ ത്തിയാക്കി | |
| 3 | സോയിൽ ഇൻഫ ർമാറ്റിക്സ് & പബ്ലിക് കേഷൻ സെൽ (2 402-00-101-86 പദ്ധതി) | 90 | 45.51 | വിശദമണ്ണ പര്യവ േക്ഷണവും പുന ർനിർണ്ണയവും 50 000 ഹെക്ടർ, 30 മണ്ണ പര്യവേക്ഷ ണ റിപ്പോർട്ടുകൾ, ഡിജിറ്റൽ ഭൂപടങ്ങ ങൾ - 446 | 71608 ഹെക്ടർ, 2 7 മണ്ണ പര്യവേക്ഷ ണ റിപ്പോർട്ടുകൾ, 230 ഡിജിറ്റൽ ഭൂ പടങ്ങൾ | 2024-25ലെ പ്ലാ ൻ പ്രയോറിറ്റിസ േഷൻ പ്രകാരം 45.0 ലക്ഷം രൂ പയായി പദ്ധതി വിഹിതം പരിമി തപ്പെടുത്തിയിരു ന്നു |
| 4 | സോയിൽ മ്യൂസിയ ം (2402-00-101-8 3 പദ്ധതി) | 20 | 8.46572 | സോയിൽ മ്യൂസി യത്തിന്റെ ശാക്ത ീകരണവും അടി സ്ഥാന സൌക ര്യ വികസനവും | പുതിയ പ്രദർശന വസ്തുക്കൾ സജ്ജ മാക്കി | 2024-25ലെ പ്ലാ ൻ പ്രയോറിറ്റിസ േഷൻ പ്രകാരം 8.53141 ലക്ഷം ര ൂപയായി പദ്ധ തി വിഹിതം പരി മിതപ്പെടുത്തിയി രുന്നു |
| 5 | ഭൂമിയുടെ തരംതിരി വ് സംബന്ധിച്ച ഡാറ്റാബാങ്ക് സ്റ്റ ഷ്ടിക്കൽ (2402-00 -101-82 പദ്ധതി) | 9 | 7.27358 | 3 ജില്ല | തിരുവനന്തപുരം, തൃശ്ശൂർ എറണാകു ളം ജില്ലകളിലായി 62പഞ്ചായത്തുക ളുടെ ഡാറ്റാ ബാ ങ്ക് പൂർത്തിയാക്കി | |

| | | | | | | |
|---|---|---|---|---|---|---|
| 6 | നീർത്തട അടിസ്ഥാനത്തിൽ മണ്ണു ജല സംരക്ഷണം (RIDF) (2402-00-102-86 പ്ലാൻ) | 2000 | 1302.1 | 7000 ഹെക്ടർ | 7679.85 ഹെക്ടർ | |
| 7 | ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണം (2402-00-102-88 പ്ലാൻ) | 65 | 32.22 | 175 ഹെക്ടർ | 104 ഹെക്ടർ | 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 33.0 ലക്ഷം രൂപയായി പദ്ധതി വിഹിതം പരിമിതപ്പെടുത്തിയിരുന്നു |
| 8 | മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ (2402-00-102-87 പ്ലാൻ) | 400 | 174.99 | 1060 ഹെക്ടർ | 565.12 ഹെക്ടർ | 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 175.0 ലക്ഷം രൂപയായി പദ്ധതി വിഹിതം പരിമിതപ്പെടുത്തിയിരുന്നു |
| 9 | മണ്ണു സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പദ്ധതി (2402-00-102-85 പ്ലാൻ) | 100 | 47.26 | 50 പരിശീലനം, 3000 പരിശീലനാർത്ഥികൾ | 60 പരിശീലനം, 3484 പരിശീലനാർത്ഥികൾ | |
| 8 | മണ്ണു സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പദ്ധതി (4402-00-101-96 പദ്ധതി) | 10 | 0 | | | |
| 9 | വിവര സാങ്കേതികവിദ്യയുടെ ഉപയോഗം, അവലോകനവും വിലയിരുത്തലും (2402-00-1 | 50 | 34.76 | വകുപ്പിൽ e-governance സമ്പ്രദായം നടപ്പിലാക്കുക | വകുപ്പിന്റെ 68 ഓഫീസുകളിലും e-office സമ്പ്രദായം നടപ്പിലാക്കി, ബയോമെട്രിക് പഞ്ചിങ്ങ് സംവിധാനം, ഫയൽ ഡിജിറ്റയിസേഷൻ എന്നിവ നടപ്പിലാക്കി, മണ്ണ് സംരക്ഷ | |

| | | | | | | |
|---|---|---|---|---|---|---|
| | 02-81 പ്ലാൻ) | | | | ണ പദ്ധതികളുടെ വിലവിരുത്തൽ പഠനത്തിനുള്ള ആദ്യ ഗഡു നല്കി | |
| 12 | ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം (2402-00-102-78 പദ്ധതി) | 200 | 80 | 230 ഹെക്ടർ, 3 കുളം | 43.3 ഹെക്ടർ, 2 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു, 1 പുരോഗമിക്കുന്നു | 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 80.0 ലക്ഷം രൂപയായി പദ്ധതി വിഹിതം പരിമിതപ്പെടുത്തിയിരുന്നു |
| 13 | സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം (2402-00-102-77 പ്ലാൻ) | 400 | 142 | 1152 ഹെക്ടർ | 604.61 ഹെക്ടർ | 2024-25ലെ പ്ലാൻ പ്രയോറിറ്റിസേഷൻ പ്രകാരം 142.0 ലക്ഷം രൂപയായി പദ്ധതി വിഹിതം പരിമിതപ്പെടുത്തിയിരുന്നു |
| 14 | നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (2402-00-102-76 പ്ലാൻ) | 400 | 426.48* | 1000 ഹെക്ടർ | 380 ഹെക്ടർ | *26.48 ലക്ഷം രൂപ അധിക ധനാനുമതിയായി ലഭിച്ചിരുന്നു |
| | **ആകെ** | **3921** | **2446.52** | | | |

**Signed by Saju K. Surendran**
**Date: 29-06-2025 10:30:34**

ഡയറക്ടർ
മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്